# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ *384**

**17/12/2014-ൽ മറുപടിക്ക്**

## ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.എ.ബേബി**<br>**ശ്രീമതി.കെ.എസ്.സലീഖ**<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ. വി.എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം, ഛത്തീസ് ഗഡ് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തിയിരുന്നോ; | എ) പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള മരുന്നുകൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രഥമമായ ലക്ഷ്യം. പത്ര-ദൃശ്യ മാധ്യമങ്ങളിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ദുരന്തത്തിനുള്ള കാരണം, ദീർഘനാളായി ഉപയോഗശൂന്യമായി കിടന്ന ഓപ്പറേഷൻ തീയറ്ററിൽ ഒരു ക്യാമ്പിന്റെ ഭാഗമായി കുടുംബാസൂത്രണ ശസ്ത്രക്രിയ നടത്തിയതിനെ തുടർന്നാണ്. കൂടാതെ മരുന്നിന്റെ ഗുണനിലവാരം/മായം എന്നിവയും സംശയിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും നടത്തുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. |
| ബി) ഗുണമേന്മ ഇല്ലാത്തതും ഹാനികരവുമായ മരുന്നുകളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും വില്പന തടയാൻ ബോർഡിന് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ;; | ബി) സാധിക്കുന്നുണ്ട്. |
| സി) മരുന്നുകളുടെ ഉപയോഗത്തെയും ഗുണമേന്മയെയും കുറിച്ച് തെറ്റായ പരസ്യങ്ങൾ നിത്യേന മാധ്യമങ്ങളിൽ വരുന്നത് തടയാൻബോർഡിന് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ? | സി) സാധിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**